
പോരുവഴി
പെരുവിരുത്തി മലനട
ഇടയ്ക്കാട് പി.ഒ., കൊല്ലം ജില്ല 691 552
ഫോൺ : 0476 2820338
www.malanada.com, www.malanadatemple.com
email : secretary@malanadatemple.com
മലക്കുട മഹോത്സവം
2018 മാർച്ച് 16 വെള്ളി
(1193 മീനം 02) മുതൽ
2018 മാർച്ച് 23 വെള്ളി
(1193 മീനം 10) വരെ
സ്വർണ്ണക്കൊടി ദർശനം • സൂര്യപ്പൊങ്കാല
അന്നദാനം • തൃക്കൊടിയേറ്റ് • തൂക്കം
വമ്പിച്ച കെട്ടുകാഴ്ച • ഗാനമേള • സ്റ്റേജ്ഷോ



## പോരുവഴി പെരുവിരുത്തി മലനട

ഭക്തജനങ്ങളെ,

ദക്ഷിണഭാരതത്തിലെ ഏക ദുര്യോധനക്ഷേത്രമായ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ പോരുവഴി പെരുവിരുത്തി മലനടക്ഷേത്രം ശ്രീകോവിലോ ചുറ്റമ്പലമോ പ്രതിഷ്ഠയോ ഇല്ലാത്തതും ആൽത്തറയെ (മണ്ഡപം) ആരാധനാമൂർത്തിയായി സങ്കൽപ്പിച്ച് ജാതിമതഭേദമന്യേ സമസ്ത വിശ്വാസികൾക്കും ആരാധന നടത്തുവാൻ സ്വാതന്ത്ര്യമുള്ളതുമാണ്. മഹാഭാരതത്തിലെ കൗരവപ്രധാനിയായ ദുര്യോധന മഹാരാജാവാണ് മുഖ്യ ആരാധനാമൂർത്തി. ഭൂമിയ്ക്ക് കരംപിരിവ് തുടങ്ങുന്ന കാലംമുതൽ പാട്ടാധാരത്തിന്റെ സ്ഥാനത്ത് ദുര്യോധനൻ എന്ന പേരുചേർത്താണ് മലനടനിവാസികൾ നികുതിയൊടുക്കിയിരുന്നത്. പടിഞ്ഞാറും തെക്കും വിശാലമായ നെൽപ്പാടങ്ങളുടെയും കിഴക്കും വടക്കും കൃഷിഭൂമികളുടെയും നടുക്ക് പ്രകൃതിഭംഗിയാൽ മനോഹരമാക്കിയ മലമുകളിലാണ് അപ്പൂപ്പൻ എന്ന സങ്കൽപ്പത്തിൽ ദുര്യോധനൻ കുടികൊള്ളുന്നത്. എല്ലാ ദുഖനിവാരണങ്ങൾക്കും വിളിച്ചപേക്ഷിക്കുന്നവർക്ക് എന്തും നേടിക്കൊടുക്കുന്ന മലനടഅപ്പൂപ്പനെ കാണാൻ രാജ്യത്തിന്റെ പലഭാഗങ്ങളിൽനിന്നും നാനാജാതി മതസ്ഥരും എത്തിച്ചേരുന്നു.

ദ്രാവിഡ സംസ്കാരം തലമുറകളായി കാത്ത് സൂക്ഷിക്കപ്പെട്ടതിന്റെ ഉത്തമ ഉദാഹരണമാണ് മലനട. കുറവ സമുദായത്തിൽപ്പെട്ട കടുത്താംശ്ശേരി കുടുംബത്തിലെ ഊരാളി നൂറ്റാണ്ടുകളായി ദ്രാവിഡ ആചാരപ്രകാരം പൂജാകർമ്മങ്ങൾ നടത്തിവരുന്നു. മലക്കുട മഹോത്സവത്തിന് ഊരാളി കൈയ്യിലേന്തുന്ന കുട മലനാഥനായ ഊരാളിയുടെ അധികാരത്തിന്റെ പ്രതീകമാണ്. കാർഷികവിളകളുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളാണ് ഭക്തർ നേർച്ചയായി സമർപ്പിക്കുന്നത്. കള്ള്, അടുക്ക് (മുറുക്കാൻ) കോഴി, കാള, ആട് മുതലായവ ഇവയിൽ പ്രധാനപ്പെട്ടതാണ്.

ദുര്യോധനൻ ഈ ക്ഷേത്രത്തിലെ ആരാധനാമൂർത്തിയായതിന് പിന്നിൽ ഒരു ഐതീഹ്യമുണ്ട്. പാണ്ഡവരുടെ വനവാസകാലത്ത് അവരെ അന്വേഷിച്ച് കൗരവർ ദേശസഞ്ചാരത്തിന് ഇറങ്ങുകയും മലനടക്കുന്നിൽ എത്തുകയും ചെയ്തു. യാത്രചെയ്ത് ദാഹിച്ച് പരവശനായ ദുര്യോധനൻ മലനടക്കുന്നിന് വടക്കുപടിഞ്ഞാറുള്ള കടത്താംശ്ശേരി കൊട്ടാരത്തിൽ എത്തുകയും ദാഹജലം ആവശ്യപ്പെടുകയും ചെയ്തു. ഒരു സ്ത്രീ കുടിക്കുവാൻ ഒരുകുടം ചെത്തുകള്ള് കൊടുത്തു. സന്തോഷത്തോടെ അദ്ദേഹം അത് പാനം ചെയ്യുകയും ചെയ്തു. ആ സ്ത്രീ തിരിഞ്ഞുനടന്നപ്പോൾ കഴുത്തിലെ പുറത്താലി കാണുകയും കുറവസമുദായത്തിൽപ്പെട്ട സ്ത്രീയാണെന്ന് മനസ്സിലാക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തിന് ഈ പ്രദേശത്തെ ദൈവീകതയും ആളുകളുടെ അതീന്ദ്രിയ ശക്തിയും മനസ്സിലാക്കുവാൻ സാധിച്ചു. പിന്നീട് ഇവിടുത്തെ ജനങ്ങൾക്കുവേണ്ടി ഈ മലമുകളിൽ ഇരുന്ന് ശിവനെ ധ്യാനിക്കുകയും ചെയ്തു. മഹാഭാരതയുദ്ധം കൊടുംപിരിക്കൊണ്ട സമയം ദുര്യോധനൻ പ്രദേശവാസികളോട് അനുവാദം ചോദിച്ച് യുദ്ധത്തിന് പുറപ്പെട്ടു. പുറപ്പെടുന്നസമയം അദ്ദേഹം ജനങ്ങളോടായി ഇപ്രകാരം പറയുകയുണ്ടായി, മീനമാസം രണ്ടാം വെള്ളിയാഴ്ച യുദ്ധത്തിൽ വിജയശ്രീലാളിതനായി ഞാൻ തിരിച്ചുവരും. അന്ന് എന്നെ സ്വീകരിക്കുന്നതിനുവേണ്ടി മീനമാസം ഒന്നാം വെള്ളിയാഴ്ച മുതൽ സകലവിധ ഒരുക്കങ്ങളോടും കൂടിനിൽക്കണം. മീനമാസം രണ്ടാം വെള്ളിയാഴ്ച

അർദ്ധരാത്രി വരെ എന്നെ കാണുന്നില്ലെങ്കിൽ യുദ്ധത്തിൽ ഞാൻ മരിച്ചതായി കണക്കാക്കി എനിക്കുവേണ്ടി ഉദകക്രീയകൾ നടത്തണം. അതിന്റെ ഓർമ്മയ്ക്കായിട്ടാണ് മീനമാസം ഒന്നാം വെള്ളിയാഴ്ച കൊടിയേറി എട്ടുദിവസത്തെ ആഘോഷങ്ങളോടുകൂടി മീനമാസം രണ്ടാം വെള്ളിയാഴ്ച വലിയ കെട്ടുകാഴ്ചകളോടും ആചാരവെടിയോടും കൂടി ദുര്യോധനനെ വരവേൽക്കുവാനുള്ള ഒരുക്കങ്ങൾ മലനട നിവാസികൾ നടത്തുന്നത്. മലക്കുട ദിവസം അർദ്ധരാത്രിയിൽ ക്ഷേത്രത്തിലെ പ്രധാന ആൽത്തറയിൽ പനംപായ് വിരിച്ച് വായ്ക്കരിയിടീൽ കർമ്മം നടത്തുന്നതും തുടർന്ന് അമ്പെയ്ത്ത് നടത്തുന്നതും ഈ വിശ്വാസത്തിന്റെ പ്രതീകമായിട്ടാണ്. മീനമാസത്തിലെ ഒന്നാം വെള്ളിയാഴ്ച കൊടിയേറി രണ്ടാം വെള്ളിയാഴ്ചയാണ് പ്രസിദ്ധമായ മലക്കുട മഹോത്സവം നടക്കുന്നത്. മറ്റ് ക്ഷേത്രങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഉത്സവദിവസം കൊടിയിറങ്ങാതെ മൂന്നാം വെള്ളിയാഴ്ച മാത്രമാണ് കൊടിയിറങ്ങുന്നത്. പനപ്പെട്ടി, കമ്പലടി, പള്ളിമുറി, നടുവിലേമുറി, വടക്കേമുറി, അമ്പലത്തുംഭാഗം എന്നീ കരകളിലെ വലിയ എടുപ്പുകുതിരകളും, ഇടയ്ക്കാട് കരയിൽ നിന്നും വലിയ എടുപ്പുകാളയും നൂറുകണക്കിന് വലുതും ചെറുതുമായ കെട്ടുകാഴ്ചകളും കെട്ടുത്സവത്തിന് ഭംഗികൂട്ടുന്നു.

പനപ്പെട്ടി, കമ്പലടി, പള്ളിമുറി, നടുവിലേമുറി, വടക്കേമുറി, അമ്പലത്തുംഭാഗം, ഇടയ്ക്കാട് തെക്ക്, ഇടയ്ക്കാട് വടക്ക് കരകളിൽ നിന്നും ഹൈന്ദവ സമുദായത്തിൽപ്പെട്ട എല്ലാ വിഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 25 അംഗങ്ങളാണ് ക്ഷേത്രഭരണം നടത്തുന്നത്. 2018 മാർച്ച് 16 വെള്ളിയാഴ്ച (1193 മീനം 02) കൊടിയേറി മാർച്ച് 23 (മീനം 09) വെള്ളിയാഴ്ച വരെ ക്ഷേത്രചടങ്ങുകൾക്ക് പുറമെ വിവിധ കലാപരിപാടികളോടും വമ്പിച്ച കെട്ടുകാഴ്ചകളോടും കൂടി മലക്കുട മഹോത്സവം പൂർവ്വാധികം ഭംഗിയായി നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ ഭക്തജനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.





എന്ന്

**ഭരണസമിതിയ്ക്കുവേണ്ടി**

**ആർ. മാധവൻ**
(പ്രസിഡന്റ്)
ഫോൺ : 9400151635

**അഖിൽ സിദ്ധാർത്ഥൻ**
(സെക്രട്ടറി)
ഫോൺ : 9744107590

**സുരാജ് എസ്.**
(വൈസ് പ്രസിഡന്റ്)
ഫോൺ : 9447332943

**മുരളീധരൻപിള്ള എൻ**
(ഖജാൻജി)
ഫോൺ : 9544107574



രാവിലെ 4.30 ന് : **ഉഷ:പൂജ**

രാവിലെ 5.00 ന് : **സ്വർണ്ണക്കൊടി ദർശനം**

പുഷ്പാലങ്കാരം നേർച്ചയായി നടത്തുന്നത് :
**ശ്രീ.പ്രസന്നകുമാർ**, പൗർണ്ണമി, മങ്ങാട്, കൊല്ലം

8 മണിമുതൽ : **ഭാഗവത പാരായണം**

ഭാഗവതപാരായണം നേർച്ചയായി നടത്തുന്നത് :
**ശ്രീ. പ്രേംഷാജി**, കടുവിനാവിള, നെടിയവിള, കുന്നത്തൂർ

വൈകിട്ട് 3 മണിമുതൽ : **ഭഗവതി എഴുന്നള്ളത്ത്**

(ഗുരുക്കൾശ്ശേരി കൊട്ടാരത്തിൽ നിന്നും പുറപ്പെടുന്നു)

വൈകിട്ട് 3.30 ന് : **കച്ചകെട്ട്** (കടുത്താംശ്ശേരി കൊട്ടാരത്തിൽ)

വൈകിട്ട

# മലക്കുട എഴുന്നള്ളത്ത

(കരക്കെട്ടായി ആറ് കര
ഇടയ്ക്കാട് കരയ്ക്ക് വലിയ
ചെറുതും വലുതുമായ നൂറുകണക



* L
* E
* V
* C
* M

...ട്ടാം ഉത്സവം

2018 മാർച്ച് 23
...മീനം 9) വെള്ളിയാഴ്ച

# ...ട
# ...ത്സവം

6 മണിമുതൽ : **സന്ധ്യാ സേവ**

രാത്രി 8 മണിമുതൽ : **തൂക്കം**

രാത്രി 9.30 മുതൽ : **മെഗാ ഷോ**

സുപ്രസിദ്ധ ചലച്ചിത്രതാരവും പിന്നണിഗായകനുമായ

## വിനീത് ശ്രീനിവാസനും

തെന്നിന്ത്യയിലെ പ്രശസ്ഥ നർത്തകനുമായ

## നീരവ് ബവ്‌ലേജയും നയിക്കുന്നു

രാത്രി 12.00 ന് : **വായ്ക്കരിപൂജ** (ആൽത്തറയിൽ)

...നിമുതൽ :

## ...ലമ്പിച്ച കെട്ടുകാഴ്ചയും

...് വലിയ എടുപ്പുകുതിരയും
...കോളയും കൂടാതെ നേർച്ചയായി
...ട്ടുകാഴ്ചകളും ഉണ്ടായിരിക്കുന്നതാണ്.)

